**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5232** **21-07-2022 - ൽ മറുപടിയ്ക്ക്**

**മൊകേരി കോളേജിലെ നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മൊകേരി കോളേജിലെ വിമെൻ അമിനിറ്റി സെന്റർ, ലൈബ്രറി ബ്ലോക്ക്, ലേഡീസ് ഹോസ്റ്റൽ, ഇന്റേണൽ റോഡ് എന്നീ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്തിരിക്കുന്ന ഏജൻസികളുടെ പേരുവിവരം ലഭ്യമാക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ കരാർ തീയതി, നിർമ്മാണ കാലയളവ് എന്നിവ വ്യക്തമാക്കുമോ; | (എ) | അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ അടങ്കൽ തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (ബി) | അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുമോ; പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | മാസ്റ്റർ പ്ലാൻ പ്രകാരം ഇന്റേണൽ റോഡ് നിർമ്മിക്കേണ്ടിയിരുന്ന സ്ഥലത്താണ് വുമൺ അമിനിറ്റി സെന്ററിനായി തറ നിർമ്മിച്ചിരുന്നത്.ആയതിനാൽ പ്രവർത്തി താൽക്കാലികമായി നിർത്തി വെച്ചിരിക്കുകയാണ്.വുമൺ അമിനിറ്റി സെന്ററിനായി പുതിയ സ്ഥലം നിശ്ചയിച്ച് നൽകിയിരുന്നെങ്കിലും നിർമ്മാണ ഏജൻസി നിർമ്മാണം പുനരാരംഭിച്ചിട്ടില്ല.<br><br>രൂപകൽപനയിൽ മാറ്റം വരുത്തുന്നതിനായി ലേഡീസ് ഹോസ്റ്റൽ നിർമ്മാണത്തിന്റെ ഫണ്ടിംഗ് ഏജൻസി ആയ കിഫ്ബി പദ്ധതി നിർവ്വഹണ ഏജൻസി ആയ കിറ്റ്കോയ്ക്ക് സ്റ്റോപ്പ് മെമ്മോ നൽകിയിരിക്കുകയാണ്.ഇന്റേണൽ റോഡ് നിർമ്മിക്കുന്നതിനായി 2.26 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിൽ നിന്നും ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടില്ല.<br><br>ലേഡീസ് ഹോസ്റ്റൽ, ലൈബ്രറി ബ്ലോക്ക് എന്നിവയുടെ നിർമ്മാണം കരാർ കാലാവധിയ്ക്കുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് |

| | | | |
|---|---|---|---|
| | | | വരുന്ന അമിനിറ്റി സെന്റർ നിർമ്മാണവുമായി ബന്ധപ്പെട്ട കരാർ കാലാവധി അവസാനിച്ചെങ്കിലും നിർമ്മാണം ഒന്നും തന്നെ ആരംഭിച്ചിരുന്നില്ല. പുതിയ കരാറിലേർപ്പെട്ട് നിർമ്മാണം ആരംഭിച്ചാൽ മാത്രമേ പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച വ്യക്തത കൈവരികെയുള്ളൂ. കൂടാതെ ഇന്റേണൽ റോഡ് നിർമ്മാണ പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് വർക്ക് അവാർഡ് ചെയ്ത ശേഷം മാത്രമേ പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച വ്യക്തത കൈവരുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം | പ്രവൃത്തി | നിർമ്മാണ ഏജൻസി | അടങ്കൽ തുക | കരാർ തീയ്യതി | നിർമ്മാണ കാലയളവ് |
|---|---|---|---|---|---|
| 1 | ലേഡീസ് ഹോസ്റ്റൽ | കിറ്റ്കോ | 76943558 | 09/09/2020 | 25/09/2022 മുതൽ 15/08/2022 വരെ |
| 2 | ലൈബ്രറി ബ്ലോക്ക് | | | | |
| 3 | വിമൻ അമിനിറ്റി സെന്റർ നിർമ്മാണം | ഹാബിറ്റാറ്റ് ഗ്രൂപ്പ് | 684791 | 30/06/2018 | 13/08/2018 മുതൽ 12/12/2018 വരെ |
| 4 | ഇൻഡോണൽ റോഡ് നിർമ്മാണം | പൊതുമരാമത്ത് വകുപ്പ് | 22600000/- | ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടില്ല. | |

സെക്ഷൻ ഓഫീസർ